കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്

## ഐ & പി.ആർ.ഡി ഡയറക്ടറുടെ നടപടിതീർപ്പ്

(ഹാജർ : യു. വി. ജോസ് ഐ. എ. എസ്. )

വിഷയം:- ലൈഫ് മിഷൻ വഴി സംസ്ഥാന സർക്കാർ നിർമ്മിച്ച വീടുകളുടെ പൂർത്തീകരണം - പ്രചാരണപ്രവർത്തനങ്ങൾക്കുള്ള ക്രിയേറ്റീവ് (ഹ്രസ്വചിത്രം/പരസ്യചിത്രം) നിർമ്മാണം - ശ്രീ. ടി.കെ. രാജീവ് കുമാറിന് അഞ്ച് ലക്ഷം രൂപ അഡ്വാൻസ് കിഴിച്ച് ഏഴ് ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുന്നു.

സൂചന:- (1) 2020 ഫെബ്രുവരി 18-ന് വകുപ്പിൽ ലഭിച്ച ശ്രീ. ടി.കെ. രാജീവ് കുമാറിന്റെ പ്രൊപ്പോസൽ

(2) 28.02.2020-ലെ സ.ഉ(സാധാ)നം. 27/2020/ഐ&പി.ആർ ഉത്തരവ്

(3) 24.02.2020-ലെ ഇതേ നമ്പർ നടപടിക്രമം

(4) 28.02.2020-ലെ ഇതേ നമ്പർ നടപടിക്രമം

(5) ശ്രീ. ടി.കെ. രാജീവ് കുമാർ സമർപ്പിച്ച 14-3-2020 ലെ 9/2020 നമ്പർ ബിൽ/ ഇൻവോയ്സും സ്റ്റേറ്റ്മെൻറും സപ്പോർട്ടിംഗ് വൗച്ചറുകളും

(6) 05.05.2020-ന് വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന കോസ്റ്റ് കമ്മിറ്റി യോഗതീരുമാനം.

---

ഉത്തരവ് നം. ഡി3/15/2020/ഐ&പി.ആർ. തിരുവനന്തപുരം, തീയതി: 2/6/2020

---

ലൈഫ് മിഷൻ വഴി സംസ്ഥാന സർക്കാർ നിർമ്മിച്ച വീടുകളുടെ പൂർത്തീകരണത്തിന്റെ പ്രചാരണത്തിന്റെ ഭാഗമായി ഹ്രസ്വചിത്രമായും പരസ്യചിത്രമായും വിനിയോഗിക്കുന്നതിന് ക്രിയേറ്റീവ് നിർമ്മിക്കുന്നതിന് പ്രശസ്ത ചലച്ചിത്ര സംവിധായകൻ ശ്രീ. ടി.കെ. രാജീവ് കുമാറിനെ സൂചന (3) പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത നടപടി പ്രകാരം എല്ലാ നികുതികളും ഉൾപ്പെടെ 12,00,000/- രൂപയ്ക്ക് (പന്ത്രണ്ട് ലക്ഷം മാത്രം) വിവിധ ഫോർമാറ്റിലും ദൈർഘ്യത്തിലും ക്രിയേറ്റീവുകൾ നിർമ്മിച്ച് നൽകാനാണ് ഉത്തരവ്.

സൂചന (4) നടപടിക്രമ പ്രകാരം ശ്രീ. ടി.കെ. രാജീവ് കുമാറിന് 5 ലക്ഷം രൂപ അഡ്വാൻസ് അനുവദിച്ച് ഉത്തരവാകുകയും അവശേഷിക്കുന്ന തുക സംബന്ധിച്ച തീരുമാനം കോസ്റ്റ് കമ്മിറ്റിയുടെ വിലയിരുത്തലിനു വിധേയമായിരിക്കും എന്നു ഉത്തരവാകുകയും ചെയ്തു.

സൂചന (5) പ്രകാരം 12,00,000/- രൂപയിൽ 5,00,000/- രൂപ അഡ്വാൻസ് കിഴിച്ച് 7,00,000/- രൂപ അനുവദിക്കുന്നതിന് ബിൽ/ഇൻവോയ്സും സ്റ്റേറ്റ്മെൻറും സപ്പോർട്ടിംഗ് വൗച്ചറുകളും ശ്രീ. ടി.കെ. രാജീവ് കുമാർ ഹാജരാക്കിയിട്ടുണ്ട്.

ശ്രീ. ടി.കെ. രാജീവ് കുമാർ നിർമ്മിച്ച ഹ്രസ്വചിത്രം/പരസ്യചിത്രം നിലവാരം പുലർത്തുന്നതായി സൂചന (6) പ്രകാരം ചേർന്ന കമ്മിറ്റി വിലയിരുത്തുകയും 12 ലക്ഷം രൂപ എന്ന പ്രതിഫലത്തുക

അംഗീകരിക്കുകയും, സൂചന (3) നടപടിക്രമ പ്രകാരം 5 ലക്ഷം രൂപ അഡ്വാൻസ് നൽകിയത് കഴിച്ച് 7 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. ടി.കെ. രാജീവ കുമാറിന് 5 ലക്ഷം രൂപ അഡ്വാൻസ് തുക നൽകിയത് കിഴിച്ച് അവശേഷിക്കുന്ന 7 ലക്ഷം രൂപ (ഏഴ് ലക്ഷം രൂപ മാത്രം) ഇലക്ട്രോണിക് മീഡിയ പരസ്യങ്ങൾക്കുള്ള നോൺ പ്ലാൻ ശീർഷകത്തിൽ നിന്ന് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

മൊത്തം തുകയുടെ 1% നിരക്കിൽ ആദായനികുതി ഇനത്തിൽ 12,000 രൂപ കുറവു ചെയ്ത് ഇൻകം ടാക്സ് കമ്മീഷണർക്കും ബാക്കി തുകയായ 6,88,000/- രൂപ (ആറ് ലക്ഷത്തി എൺപത്തിഎണ്ണായിരം രൂപ മാത്രം) ശ്രീ. ടി.കെ. രാജീവ് കുമാറിനും ഇലക്ട്രോണിക് മീഡിയ പരസ്യത്തിനായുള്ള 2220-60-101-97-02-നോൺ പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന് നൽകേണ്ടതാണ്. തുക ശ്രീ. ടി.കെ. രാജീവ് കുമാറിന്റെ ഇതോടൊപ്പമുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അനുബന്ധം) ക്രഡിറ്റ് ചെയ്യുകയും രസീതും സത്യവാങ്മൂലവും എഫ് സെക്ഷനിൽ ശേഖരിച്ച ഫയലിൽ ചേർത്ത് വയ്ക്കുകയും ചെയ്യണം.

യു.വി.ജോസ് IAS
ഡയറക്ടർ

ശ്രീ. ടി.കെ. രാജീവ് കുമാർ
വി.എച്ച്. 130, അപ്പർ മെറിഡിയൻ റോഡ്
കറവൻകോണം, കവടിയാർ പി.ഒ, തിരുവനന്തപുരം

അനുബന്ധം : ശ്രീ ടി കെ രാജീവ് കുമാറിന്റെ ബാങ്ക് അക്കൗണ്ട് വിവരം

പകർപ്പ്:

1. അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി), ഐ&പി.ആർ.ഡി (തുടർനടപടികൾക്ക്)
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
3. ഡെപ്യൂട്ടി സെക്രട്ടറി, ഐ & പി.ആർ.ഡി (തുടർനടപടികൾക്ക്)
4. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
5. ഡെപ്യൂട്ടി ഡയറക്ടർ, പരസ്യം & മാർക്കറ്റിംഗ് (തുടർനടപടികൾക്ക്)
6. ഡെപ്യൂട്ടി ഡയറക്ടർ, മീഡിയ റിലേഷൻസ് (തുടർനടപടികൾക്ക്)
7. ഇൻഫർമേഷൻ ഓഫീസർ, പരസ്യം & മാർക്കറ്റിംഗ് (തുടർനടപടികൾക്ക്)
8. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
9. അക്കൗണ്ട്സ് ഓഫീസർ, ഐ&പി.ആർ.ഡി
10. സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി
11. ഐ & പി.ആർ (എഫ്) വിഭാഗം (മൂന്നു കോപ്പികൾ, അസൽ ബില്ല സഹിതം)
12. ഐ & പി ആർ.ഡി സെക്രട്ടറിയുടെ സി എ യ്ക്ക്
13. ഐ & പി.ആർ.ഡി ഡയറക്ടറുടെ സി.എ യ്ക്ക്
14. ഐ & പി.ആർ.ഡി അഡീഷണൽ ഡയറക്ടറുടെ (ജി & എ) സി.എ-യ്ക്ക്
15. കരുതൽ ഫയൽ
16. ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ